## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 377** **28.05.2019 - ൽ മറുപടിക്ക്.**

## റേഷൻ വ്യാപാരികൾക്ക് നൽകേണ്ട തുക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് നൽകേണ്ട തുക ട്രഷറി നിയന്ത്രണങ്ങൾ കാരണം നൽകുവാൻ സാധിച്ചിട്ടുണ്ടോ; | **(എ)** മാർച്ച് മാസത്തിൽ ട്രഷറി ക്യൂവിൽപ്പെട്ട് മാറാൻ സാധിക്കാതെ വന്ന ബില്ലുകൾ 2019-2020 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ട്രഷറി നിയന്ത്രണമുള്ള അവസരങ്ങളിൽ കമ്മീഷൻ ബില്ലുകൾ ക്രമീകരിച്ച് ട്രഷറികളിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(ബി)** പ്രളയകാലത്ത് അടക്കം വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ വിലയും പ്രതിഫലവും ലഭ്യമാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി)** പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ കമ്മീഷൻ പത്ത് ജില്ലകൾക്കും മണ്ണെണ്ണയുടെ കമ്മീഷൻ 4 ജില്ലകൾക്കും അനുവദിച്ചിട്ടുണ്ട്. മറ്റുജില്ലകളിൽ നിന്നും വിതരണം ചെയ്ത സാധനങ്ങളുടെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കമ്മീഷൻ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(സി)** വ്യാപാരികൾക്ക് അവരുടെ തുക ലഭിക്കാത്തതിനാൽ വരും മാസങ്ങളിൽ വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾക്ക് പണം അടയ്ക്കാനാകാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ? | **(സി)** റേഷൻ വ്യാപാരികളുടെ, ഏപ്രിൽ മാസം വരെയുള്ള കമ്മീഷൻ വിതരണം ചെയ്യുന്നതിന് അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ വ്യാപാരികൾക്ക് പണം അടയ്ക്കാനാവാത്ത സാഹചര്യം നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**